# ഈനാംപേച്ചിയുടെ രഹസ്യങ്ങൾ

(Indian Pangolin)


മൂലകഥ - മറാഠി : ഭാവു കാട്ദരെ

മലയാളം പരിഭാഷ : വത്സല വിജയകുമാർ

പുറംചട്ടയും ചിത്രീകരണവും : ആഭാ ഭാഗവത്



Sahyadri Nisarga Mitra,
Chiplun




**ഈനാംപേച്ചിയുടെ രഹസ്യങ്ങൾ**
മൂലകഥ - മറാഠി :
ഭാവു കാട്ദരെ

**മലയാളം പരിഭാഷ :**
വത്സല വിജയകുമാർ

**പുറംചട്ടയും ചിത്രീകരണവും :**
ആഭാ ഭാഗവത്

**ഭാവു കാട്ദരെ**
6, ശുഭം, സഹനിവാസ്,
ഭൈരി ടെംപിൾ സമീപം,
ചിപ്ലുൻ - 415605,
രത്നഗിരി ജില്ല, മഹാരാഷ്ട്ര.

**പ്രസാധകർ :**
സഹ്യാദ്രി നിസർഗ്ഗ് മിത്ര
11, യുണൈറ്റഡ് പാർക്ക്,
മാർക്കണ്ഡി, ചിപ്ലുൻ - 415605,
രത്നഗിരി ജില്ല
മഹാരാഷ്ട്ര, ഇന്ത്യ.

**ആദ്യപതിപ്പ് :**
ഒക്ടോബർ 2020
രൂപകൽപന: മുദ്ര, 383,
നാരായൺ പേട്ട്
പൂന - 411030.

**സൗജന്യ വിതരണത്തിനായി**

അധികം അറിയപ്പെടാത്തതും ഏറ്റവുമധികം അവഗണിക്കപ്പെട്ടതുമായ ഈനാംപേച്ചി എന്ന മൃഗത്തെ കുറിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും മറ്റു പൊതുജനങ്ങൾക്കും ഒരു അറിവ് നൽകുവാനുള്ള ഉദ്യമമാണ് ഈ പുസ്തകം.

വളരെ അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ ഒരു മൃഗവർഗമാണ് ഈനാംപേച്ചിയുടേത്. IUCN (അന്താരാഷ്ട്ര പ്രകൃതി സംരക്ഷണ സംഘടന) യുടെ റെഡ് ഡേറ്റാ ലിസ്റ്റിൽ വംശനാശ ഭീഷണി നേരിടുന്ന മൃഗവർഗമായി ഈനാംപേച്ചിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹ്യാദ്രി നിസർഗ് മിത്ര ഇവയുടെ വംശ സംരക്ഷണത്തിനും പരിപാലനത്തിനുമായി സമൂഹത്തിലെ വിവിധ തലങ്ങളിലൂടെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണവും ആ പരിശ്രമത്തിന്റെ ഒരു ഭാഗം തന്നെ. ഈനാംപേച്ചിയുടെ സംരക്ഷണ സന്ദേശം ജനങ്ങളിലേക്ക് എത്തിച്ചേരുവാൻ ഈ പുസ്തകം സഹായകമാകുമെന്നാണ് ഞങ്ങളുടെ പ്രത്യാശ.

ആഭാ ഭാഗവത് ഈ താളുകളിലൂടെ ഈനാംപേച്ചിയെ സജീവവും സുന്ദരവുമായി ചിത്രീകരിച്ചിരിക്കുന്നു. ഈ പുസ്തകത്തിന്റെ രൂപകൽപ്പന അമോദ് ബോയ്തെ ഏറ്റവും മികച്ച നിലയിൽ നിർവഹിച്ചിരിക്കുന്നു. ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് ആശയവീര്യം ഒട്ടുംതന്നെ നഷ്ടപ്പെടാതെ പരിഭാഷ നടത്തിയത് വത്സല വിജയകുമാറാണ്. ആരോൺ പി. ജോയ് ആണ് അച്ചടിപ്പിഴ തിരുത്തൽ കൃത്യമായി നിർവഹിച്ചത്.
എല്ലാവരുടേയും സഹകരണത്തിനും മാർഗനിർദ്ദേശത്തിനും അകമഴിഞ്ഞ നന്ദി.

**ഭാവു കാട്ദരെ**
പ്രസിഡന്റ്
സഹ്യാദ്രി നിസർഗ് മിത്ര








"വരൂ കുഞ്ഞേ. ഇന്നു നമുക്ക് ഉറുമ്പ് വേട്ടയ്ക്ക് പോകാം" ഒരുമാസം പ്രായമുള്ള കുഞ്ഞിനെ തന്റെ നീളമുള്ള കൂർത്ത വായ കൊണ്ട് സ്നേഹത്തോടെ പതിയെ തട്ടി അമ്മ ഈനാംപേച്ചി മൊഴിഞ്ഞു.



ഒരു പകലുറക്കത്തിന്റെ മയക്കത്തിലായിരുന്നു അപ്പോഴും അവൻ. കൊച്ചുമകനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അമ്മ തുടർന്നു. “നീ എപ്പോഴും പറയാറില്ലേ പുറത്തുകൊണ്ടു പോകണമെന്ന്. എന്നും പാൽ കുടിച്ചു മടുത്തു എന്ന്. വേഗം എഴുന്നേറ്റ് പുറപ്പെടൂ.”

“ഇല്ല, ഞാൻ വരില്ല” തന്റെ നീളമുള്ള വാൽ ആലസ്യത്തോടെ വലിച്ചു നീട്ടി അവൻ പറഞ്ഞു. “എനിക്ക് വയ്യ മുഴുവൻ ദൂരവും നടക്കാൻ.”



“ നീ വിഷമിക്കല്ലേ” അമ്മ തുടർന്നു. “ഞാൻ നിന്നെ എന്റെ വാലിൽ ഏറ്റി കൊണ്ടുപോകാം. മിടുക്കനല്ലേ വേഗം പുറപ്പെടൂ, സമയമായി.”

അങ്ങനെ ഒരു സായംസന്ധ്യയിൽ കൊച്ചു മകനെ തന്റെ വാലിൻമേൽ കയറ്റി ഇരുത്തി ആ അമ്മ മകനെ വീടിന്റെ വെളിയിൽ കൊണ്ടുവന്നു. മണ്ണിന കത്ത് ഒമ്പത് ഇഞ്ച് വീതിയും ഒന്നര മീറ്ററിലധികം നീളവും ഉള്ള ഒരു സുരക്ഷിത മാളമായിരുന്നു അവ രുടെ വീട്.



തന്റെ ശൽക്കങ്ങളെ നഖങ്ങൾകൊണ്ട് മുറുകെ പിടിച്ചിരിക്കുവാൻ മകനെ ജാഗ്രത പ്പെടുത്തി, അമ്മ മുന്നോട്ടു നടന്നു തുടങ്ങി, വളരെ സൂക്ഷ്മതയോടെ.



പെട്ടെന്ന് ഒരു മുള്ളൻപന്നി അവരെ കടന്നുപോയി. "അതെന്താണ് ? " കൊച്ചുമകൻ വിസ്മയത്തോടെ ചോദിച്ചു.

"ഓ അതൊരു മുള്ളൻ പന്നിയാണ് "

"അപ്പോൾ നമ്മളോ?"

" ഉം" മുന്നോട്ട് നടക്കുന്നതിനിടയിൽ അമ്മ വിശദീകരിച്ചു. "നമ്മൾ ഈനാംപേച്ചി (ഉറുമ്പ് തീനി) കളാണ്. നമുക്ക് കുറെ ബന്ധുവിനങ്ങൾ ഉണ്ട്. നാലുതരം ആഫ്രിക്കയിലും, നാലുതരം ഏഷ്യയിലും. നാം ജീവിക്കുന്നത് ഇന്ത്യയിലാണ്. അതുകൊണ്ട്
മനുഷ്യർ നമ്മെ ഇന്ത്യൻ ഈനാംപേച്ചികൾ എന്നു വിളിക്കുന്നു. ഭാരതത്തിന്റെ ഉത്തരദിക്കുകളിൽ നമ്മുടെ വർഗ്ഗത്തിൽപെട്ട ചൈനീസ് വംശജരായ ഈനാംപേച്ചികളേയും കാണാം. ഈശ്വരൻ നമുക്ക് മികച്ച സുരക്ഷയ്ക്കായി ശക്തിയേറിയ ശൽക്കങ്ങൾ തന്നനുഗ്രഹിച്ചിട്ടുണ്ട്. വെടിയുണ്ടകൾക്കുപോലും അതിനെ പെട്ടെന്ന് തകർക്കാൻ ആവില്ല. അതുമൂലമാണ് നാം വനാന്തരങ്ങളിൽ സുരക്ഷിതരായിരിക്കുന്നത്."



അപ്പോഴേയ്ക്കും അമ്മയും മകനും ഒരു ഉറുമ്പിൻ പുറ്റിനടുത്ത് എത്തിക്കഴിഞ്ഞിരുന്നു. തന്റെ ശക്തിയും മൂർച്ചയും ഏറിയ വളഞ്ഞ നഖം കൊണ്ട് അമ്മ ഉറുമ്പ്പുറ്റ് മുഴുവൻ പെട്ടെന്ന് തകർത്തു തരിപ്പണമാക്കി. അതിനകത്തെ ചിതലുറുമ്പുകൾ പരക്കം പാഞ്ഞ് ഓടിത്തുടങ്ങി.

അകത്തും പുറത്തും, അകത്തും പുറത്തും തന്റെ ഒന്നര അടി നീളമുള്ള പശിമയുള്ള നാവുകൊണ്ട് അമ്മ മാറി മാറി നക്കി നുണഞ്ഞു തുടങ്ങി. ആ ഉറുമ്പ് പറ്റത്തിനെ മുഴുവൻ ആർത്തിയോടെ വിഴുങ്ങുവാൻ ആരംഭിച്ചു. "നോക്കൂ മകനെ, ഇതിന് എന്തൊരു സ്വാദ്, വേഗം കഴിക്കാൻ തുടങ്ങിയാട്ടെ. ഇങ്ങനെയാണ് നാം ഈനാംപേച്ചികൾ ഉറുമ്പുകളെ വിഴുങ്ങുന്നത്."

കുഞ്ഞ് അമ്മയെ ഉറ്റുനോക്കി, അവരെ അനുകരിക്കാൻ ശ്രമിച്ചു. മെല്ലെ, മെല്ലെ അവനും അത് ചെയ്യാൻ സാധിച്ചു. അകത്തും പുറത്തും, അകത്തും പുറത്തും, അവന്റെ ചെറിയ നാവ് ഓടിത്തുടങ്ങി. ഒരു മാസത്തോളം അമ്മയുടെ പാൽ മാത്രം സേവിച്ച അവന്റെ ആദ്യത്തെ ഖര ഭക്ഷണമായിരുന്നു അത്. അവനും ആ ചിതലുറുമ്പുകൾ ഏറെ രുചികരമായി അനുഭവപ്പെട്ടു.അമ്മ എത്രയും സന്തോഷവതിയായി.

“ ഭേഷ് ! കുഞ്ഞെ, എപ്പോഴും ഓർമ്മിക്കുക, ഇതാണ് ഈനാംപേച്ചികളുടെ യഥാർത്ഥ ഭക്ഷണം. മറ്റ് മൃഗങ്ങളെ പ്പോലെ നമുക്ക് പല്ല് ഇല്ലാത്തതുകൊണ്ട് ഇതാണ് നാം കഴി ക്കുന്നത്.

പിന്നെ മറ്റൊരുതരം  ചുവന്ന ഉറുമ്പുണ്ട് .മരത്തിന്റെ ഇലകൾ ചേർത്ത് കൂട് ഉണ്ടാക്കുന്ന നീറുറുമ്പ്. അതും വളരെ സ്വാദിഷ്ടമാണ്.  പക്ഷേ മരത്തിന്മേൽ കയറിയാലെ നിനക്ക് അവയെ പിടികൂടാനാവുകയുള്ളൂ. നിന്റെ അടുത്ത പാഠപദ്ധതി അതു തന്നെ. എന്തു പറയുന്നു.?





പെട്ടെന്ന് അമ്മ എന്തോ മണത്തറിഞ്ഞപോലെ നിന്നു. ഉടനടി അവർ മകനെ അടുത്തേക്ക് വലിച്ച് തന്റെ വയറിനോട് ചേർത്തുപിടിച്ചു. ഒരു പാറയുടെ പിന്നിൽ ഒളിഞ്ഞ് നിന്ന് അമ്മ അവളുടെ നീണ്ട ശരീരം ഒരു മുറുക്കിപ്പിടിച്ച പന്തുപോലെ ചുരുട്ടിക്കൂട്ടി. ഒരു പാറക്കഷ്ണമെന്നെ അപ്പോൾ അവളെ കണ്ടാൽ ആർക്കും തോന്നുകയുള്ളൂ.

അൽപ്പ നേരത്തിനുശേഷം ആ ഗന്ധം ഒന്ന് ശമിച്ചു. അത് ഒരു സുരക്ഷിത അകലത്തിലാണെന്ന പോലെ തോന്നിത്തുടങ്ങി. തന്റെ ചുരുട്ടിയ വാൽ അല്പം അയച്ചുകൊണ്ട് അവൾ ജാഗ്രതയോടെ കാതോർത്തു നിന്നു. ഒരു തിളങ്ങുന്ന പ്രകാശം കടന്നുപോയതായി അവൾക്ക് തോന്നി, അതിന്റെ കൂടെ കുറെ ശബ്ദകോലാഹലങ്ങളും.

സ്വന്തം ശരീരത്തിലെ ചുരുളുകൾ നിവർത്തി അവൾ കുഞ്ഞിനെ പുറത്ത് വരാൻ അനുവദിച്ചു.

"നീ ശ്രദ്ധിച്ചുവോ? ഇപ്പോൾ പടർന്ന ഈ ഗന്ധം? മറ്റേതിനേക്കാളും ഇത് നീ ഓർമ്മിച്ചു വെക്കണം. ഇതു മനുഷ്യ ഗന്ധമാണ്. അവരിൽ പലരും പറഞ്ഞറിയിക്കാൻ വയ്യാത്ത വിധം ക്രൂരന്മാരാണ്. അവർ നമ്മുടെ മാളങ്ങൾ തിരഞ്ഞുപിടിച്ച്, അവ മുഴുവൻ കിളച്ചു നശിപ്പിക്കും. അവർ നമ്മെ വധിക്കുന്നു. നമ്മുടെ മാംസം ഭക്ഷിക്കുന്നു, നമ്മുടെ ശൽക്കങ്ങൾ വിൽക്കുന്നു. പണം  എന്ന് അവർ വിളിക്കുന്ന എന്തോ ഒന്ന് കുറേ നേടുവാൻ ! നമ്മുടെ ശൽക്കങ്ങൾ ഔഷധമൂല്യം തികഞ്ഞതാണെന്ന് അവർ അവകാശപ്പെടുന്നു.

യഥാർത്ഥത്തിൽ  കെരാട്ടിൻ  എന്ന പദാർത്ഥത്താൽ ഉണ്ടാക്കിയതാണ് നമ്മുടെ ശൽക്കങ്ങൾ. പക്ഷേ അതേ പദാർത്ഥം കൊണ്ടുതന്നെയാണ് മനുഷ്യന്റെ മുടിയും നഖങ്ങളും നിർമ്മിക്കപ്പെട്ടിരിക്കുന്നത്! നമ്മുടെ  ശൽക്കങ്ങൾ ഔഷധമൂല്യം നിറഞ്ഞവയെങ്കിൽ അവരുടെ നഖങ്ങളും ഗുണമേന്മയുള്ളതു തന്നെ.  പക്ഷേ അവർ അവരുടെ നഖങ്ങൾ വെറുതെ മുറിച്ച് വലിച്ചെറിയുന്നു. ഇത്രയും ചെയ്തശേഷം പിന്നേയും എന്തിനാണവർ നമ്മുടെ ശൽക്കങ്ങളിലെ ഔഷധമൂല്യം തേടിയലയുന്നത്.







പണ്ട് വനാന്തരങ്ങളിൽ ജീവിച്ചിരുന്ന ആദിവാസികൾക്ക് മാത്രം
നമ്മെപ്പറ്റി അറിയാവുന്ന കാലത്ത്, പരിതസ്ഥിതി ഇത്രയും വഷളായിരു
ന്നില്ല. അവരും മൃഗവേട്ട ചെയ്തിരുന്നു. പക്ഷേ അത് അത്യാഗ്രഹം
മൂലം ആയിരുന്നില്ല.

ഇപ്പോൾ നമ്മൾ മണം പിടിച്ചറിഞ്ഞ ആ മനുഷ്യക്കൂട്ടരില്ലേ? ആ
ദുരാഗ്രഹികളിൽ നിന്നും രക്ഷപ്പെടാൻ നീയെപ്പോഴും കരുതലായിട്ടിരി
ക്കണം. നാം രാത്രി സഞ്ചാരത്തിനായി  ഇറങ്ങിത്തിരിക്കുമ്പോൾ
അവർ ശക്തിയേറിയ പ്രകാശജ്വാലയുള്ള ടോർച്ചുകൾ വീശിയടിച്ച്
നമ്മെ കണ്ടെത്തി, അവരുടെ തോക്കുകൾ കൊണ്ട് വെടിവെക്കുന്നു.

എന്റെ മകനെ, ഞാൻ വേദനയോടെ നിന്നോട് ഒരു കാര്യം
വെളിപ്പെടുത്തട്ടെ, നാം ഈനാംപേച്ചികളാണ്
മനുഷ്യർ ഏറ്റവും കൂടുതൽ വേട്ടയാടി പിടിക്കുന്നതും
കടത്തി കളയുന്നതുമായ  സസ്തനികൾ.



(An imaginary painting
in the Stone Age style)

നമ്മുടെ വർഗ്ഗത്തിന് ഇന്ത്യാ ഗവൺമെന്റ് നിയമപരമായ മികച്ച സുരക്ഷിതത്വം തന്നിട്ടുണ്ട്. നിയമാനുസൃതമായി നമുക്ക് കടുവയെ പോലെ തന്നെ സംരക്ഷണമുണ്ട്. എങ്കിലും ചില മനുഷ്യർ നമ്മെ കൊല്ലാനായി തന്നെ ശ്രമിക്കുന്നവരാണ്. ഈ ദുഷ്ടന്മാർ തന്നെയാണ് നമ്മുടെ വാസകേന്ദ്രങ്ങൾ നശിപ്പിക്കുന്നതും കാടുകൾ വെട്ടിത്തെളിക്കുന്നതും. നമുക്കിപ്പോൾ വാസസ്ഥലങ്ങൾ നിർമ്മിക്കുവാനും കറങ്ങി നടക്കുവാനും ഉള്ള ഇടമില്ല. ജീവിതം ഏറെ ദുസ്സഹമാണ്. നമുക്ക് പറയാനാവില്ല, ഒളിഞ്ഞിരുന്ന് ആര് നമ്മെ എപ്പോൾ കൊല്ലുമെന്ന് !

കുഞ്ഞേ നീ മുൻകരുതലോടെ ഏറ്റവും ജാഗരൂകനായിരിക്കൂ. ഈ മനുഷ്യർക്കറിയില്ല നാം അവരുടെ സഹായികളാണെന്ന്. ലക്ഷക്കണക്കിന് ഉറുമ്പുകളേയും ചിതലുകളേയും ആണ് അവർക്കുവേണ്ടി നാം നീക്കം ചെയ്യുന്നത്. ഇതേ പ്രവർത്തി അവർ സ്വന്തമായി ചെയ്തു തീർക്കാനായി എത്രയോ വലിയ തുകകൾ ചിലവഴിക്കുന്നു. എങ്കിലും അവർ നമ്മെ വെറുതെ വിടാൻ ദയ കാണിക്കുന്നില്ല. ഈശ്വരൻ അവർക്ക് സൽബുദ്ധി കൊടുക്കട്ടെ!





പക്ഷേ എന്റെ കൊച്ചുമോനെ, ചുരുക്കം ചില നല്ല ആളുകളും ഉണ്ട് കേട്ടോ! പ്രകൃതിയിലെ ഭക്ഷ്യശൃംഖലയിൽ നമുക്കുള്ള പ്രാധാന്യം ഇവർക്കറിയാം. നമ്മുടെ ജീവിതം ക്ലേശരഹിതമാക്കുവാനും നമ്മുടെ എണ്ണം കൂട്ടുവാനും വേണ്ടി ഇവർ പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

ഇതിനുവേണ്ടി സഹ്യാദ്രി നിസർഗ് മിത്രയും മഹാരാഷ്ട്രയിലെ മറ്റു ചില സംഘടനകളും വനംവകുപ്പിന്റെ സഹായത്തോടെ ബോധവൽക്കരണ കാമ്പെയ്നുകൾ നടത്തുന്നുണ്ട്.

ഗ്രാമപ്രദേശങ്ങളിൽ യോഗം വിളിച്ചുകൂട്ടി അവർ നമ്മെ സംരക്ഷിക്കാനായി ജനങ്ങളെ ഉത്ബോധിപ്പിക്കുന്നു. അവർ ഇത്തരം സന്ദേശങ്ങൾ അടങ്ങിയ പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ലഘുലേഖകൾ കൈമാറുകയും ചെയ്യുന്നു. അന്താരാഷ്ട്രതലത്തിൽ നടക്കുന്ന കള്ളക്കടത്തു ഒഴിവാക്കാൻ അവർ കഠിനപ്രയത്നം ചെയ്തുകൊണ്ടേയിരിക്കുന്നു. നമ്മുടെ പടം പിടിക്കാനായി ആധുനിക കെണി ക്യാമറകൾ വെച്ച് അവർ നമ്മെക്കുറിച്ച് പഠനം നടത്തുന്നു. ഈ നല്ല മനുഷ്യർ അവരുടെ സംരംഭത്തിൽ വിജയിക്കട്ടെ എന്ന് ഞാൻ പ്രത്യാശിക്കുന്നു. അങ്ങിനെ നമ്മുടെ ജീവിതം സ്നിഗ്ദമാകട്ടെ. നമ്മുടെ ബന്ധുമിത്രാദികൾ വർദ്ധിക്കട്ടെ.



വരൂ എന്റെ കുഞ്ഞേ ഇന്നേക്ക് ഇത്രയും മതി. നേരം വൈകിത്തുടങ്ങി. എന്റെ ഓമനയ്ക്ക് ചിതൽ ഇഷ്ടപ്പെട്ടല്ലോ? നാളെ  രാത്രിയിൽ നമുക്കിവിടെ വീണ്ടും തിരിച്ചുവരാം. പുലരുന്നതിനു മുമ്പ് നമുക്ക് നമ്മുടെ പുതിയ വീട്ടിൽ എത്തണം. ”

“ പുതിയ വീടോ, അമ്മേ?  അത് എവിടെയാണ് ? ”

“അതെ പൊന്നേ, പുതിയ വീട് തന്നെ. ഒരേ പൊത്തിൽ നമ്മൾ ദീർഘ കാലം താമസിക്കില്ല. അത് വളരെ അപായകരമാണ്. അതിനാലാണ് അയൽപക്കത്തിൽ അനേകം മാളങ്ങളുണ്ടാക്കി നമ്മൾ പലപ്പോഴും സ്ഥലം മാറുന്നത്.”

“നമ്മൾ വീട്ടിലെത്തി. മുൻപ് ഒരു ദിനം ഞാൻ നന്നായി കിളച്ച് ഒരുക്കിയതാണ് ഈ മാളം. വാ, വേഗം അകത്തോട്ട് കയറി ഇരുന്നാട്ടെ. ഞാൻ മണ്ണിട്ട് ഈ പൊത്തിന്റെ മുഖം മൂടട്ടെ. എങ്കിലേ ഇതിനുള്ളിൽ നാം സുരക്ഷിതരായിരിക്കുകയുള്ളൂ.”







**ഭാവു കാട്ദരെ**
സഹ്യാദ്രി നിസർഗ് മിത്രയുടെ സ്ഥാപകൻ

1992 മുതൽ സഹ്യാദ്രി നിസർഗ് മിത്ര പ്രകൃതി സംരക്ഷണത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ ഉദ്യമത്തിൽ സിംഹഭാഗവും ഭാവു കാട്ദരെയുടെ പ്രയത്നമാണ്. നാനാതരം മൃഗവർഗ്ഗങ്ങളേയും സംരക്ഷിക്കുന്നതിൽ അദ്ദേഹം മുൻകൈയെടുത്തു. കഴിഞ്ഞ മൂന്ന് വർഷമായി അദ്ദേഹം ഈനാംപേച്ചികളുടെ പരിപാലനത്തിലും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുകയാണ്. അദ്ദേഹമിപ്പോൾ IUCN സ്പീഷീസ് സർവൈവൽ കമ്മീഷൻ (വർഗ്ഗ അതിജീവനകമ്മീഷൻ) ഈനാംപേച്ചി സ്പെഷലിസ്റ്റ് ഗ്രൂപ്പിന്റെ മെമ്പറാണ്.



**ആഭാ ഭാഗവത്**

യുവജനങ്ങളേയും മുതിർന്ന തലമുറയേയും ഉൾപ്പെടുത്തിക്കൊണ്ട് ‘പങ്കാളിത്ത ചുവരെഴുത്ത് ചിത്രകല’ ഒരു യാഥാർത്ഥ്യമാക്കി മാറ്റിയിരിക്കുകയാണ് കലാകാരി ആഭാ ഭാഗവത്.
നൂറ്റമ്പതിലധികം ചിത്രങ്ങൾ പൂർത്തിയാക്കി അവർ ഇന്ത്യയിൽ പല ഭാഗങ്ങളിലായി പ്രദർശിപ്പിച്ചു കഴിഞ്ഞു. പൂനെയിൽ അവർ സ്കൂൾ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നു. കലയിലൂടെ അല്ലെങ്കിൽ ഭാവാത്മക കലയിലൂടെ സ്വന്തം വ്യക്തിത്വം പ്രകടിപ്പിക്കുന്നതിനായി അവർ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നു. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേണ്ടി കലാ സംബന്ധമായ ഒട്ടേറെ തൊഴിൽ ശാലകൾ നടത്തുന്നു. അനേകം പുസ്തകങ്ങളിലും പുറംചട്ടകളിലും അവരുടെ ചിത്രീകരണം ദർശിക്കാം. പല പ്രമുഖ മാസികകളിലും അവർ കലയെ കുറിച്ച് എഴുതുന്നു .



**വത്സല വിജയകുമാർ**

കേരളത്തിലുള്ള മലബാർ ദേശത്തിലെ പ്രമുഖ തറവാടുകളിലൊന്നായ കിഴക്കേപ്പാട്ട് കുടുംബത്തിലെ ഒരംഗമാണ് വത്സല വിജയകുമാർ. മൂന്ന് ദശാബ്ദങ്ങൾക്കുപരി ഒരു പൊതുമേഖലാ ബാങ്കിൽ വിശിഷ്ട സേവനം ചെയ്ത അവർ ബാങ്ക് ജീവനക്കാർക്കുള്ള സ്റ്റാഫ് ട്രെയിനിങ്ങ് കോളേജിന്റെ പ്രിൻസിപ്പലായി റിട്ടയർ ചെയ്തശേഷം, ബാംഗ്ലൂരിൽ സ്ഥിരതാമസമാക്കിയിരിക്കുകയാണ്.



ഇതുസംബന്ധിച്ച് പലതരം നിരീക്ഷണ പദ്ധതികളും പൊതു അവബോധ പരിപാടികളും അവർ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്, പ്രത്യേകിച്ചും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും വേണ്ടി. പഠനങ്ങൾ നടത്തിയും 'കെണി ക്യാമറകൾ 'വെച്ച് നിരീക്ഷണം നടത്തിയും, ജനങ്ങൾക്ക് ഇതര ഉപജീവനമാർഗ്ഗങ്ങൾ നിർദ്ദേശിച്ചും, ജനങ്ങളുടെ പങ്കാളിത്തം ഉൾക്കൊണ്ടും, സുരക്ഷാ പ്രവർത്തനങ്ങൾ ഏറ്റെടുത്തും 'സഹ്യാദ്രി നിസർഗ് മിത്ര' ഈനാംപേച്ചികളുടെ വംശസംരക്ഷണത്തിനായി പല പരിപാടികളും ആസൂത്രണം ചെയ്തുവരുന്നു.

Since 1992
Sahyadri Nisarga Mitra, Chiplun

ചിപ്ലൂനിലെ സഹ്യാദ്രി നിസർഗ് മിത്ര 1992 ലാണ് സ്ഥാപിക്കപ്പെട്ടത്. കഴിഞ്ഞ ഇരുപത്തിയെട്ട് വർഷമായി വനംവകുപ്പിന്റെ സഹായത്തോടെ പ്രകൃതി സംരക്ഷണത്തിനായി ഈ സ്ഥാപനം വളരെയധികം പ്രവർത്തിച്ചിട്ടുണ്ട്.

ഇന്ത്യൻ കുരുവികൾ, വെളുത്ത അടിവയറുള്ള കടൽ പ്രാവുകൾ, കഴുകന്മാർ, ഈനാംപേച്ചികൾ മുതലായ ജന്തുജാലങ്ങളുടെ സംരക്ഷണം, അവരുടെ വിജയം കൈവരിച്ച അനേകം പദ്ധതികളിൽ ചിലതുമാത്രം.

ലോകത്തിൽ ഏറ്റവും വേട്ടയാടപ്പെടുന്നതും മോഷ്ടിക്കപ്പെടുന്നതും അന്യ രാജ്യങ്ങളിലേക്ക് കടത്തി അയയ്ക്കപ്പെടുന്നതും ആയ മൃഗവർഗ്ഗമാണ് / സസ്തനികളാണ് ഈനാംപേച്ചികൾ. കഴിഞ്ഞ ഏതാണ്ട് മൂന്നു ദശകങ്ങളായി 'സഹ്യാദ്രി നിസ്സർഗ്ഗ മിത്ര' ഇവയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

Since 1992
Sahyadri Nisarga Mitra, Chiplun
www.snmcpn.org

9 788193 628744